# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5477 04.07.2013-ൽ മറുപടിക്ക്**

## മഴവെള്ളം സംഭരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തെക്ക പടിഞ്ഞാറൻ കാല വർഷത്തിൽ ഈ വർഷം എത്ര ശതമാനം വർദ്ധനയുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) 2013 ജൂൺ 1 മുതൽ ജൂലൈ 1 വരെ 55% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) മഴവെള്ളം സംഭരിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടത്തുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) മഴവെള്ളം സംഭരിക്കുന്നതിന് കുളങ്ങൾ സംരക്ഷിക്കുന്ന പണികളും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയുമാണ് ചെയ്തു വരുന്നത്. കൂടാതെ കുടിവെള്ള സ്രോതസ്സിനോട് ചേർന്ന് തടയണകൾ നിർമ്മിക്കുക, ഗ്യാലറികൾ പുനർ നിർമ്മിക്കുക, കേടായ പമ്പുകളും മോട്ടോറുകളും നന്നാക്കി സ്ഥാപിക്കുക, അത്യാവശ്യമായ സ്ഥലങ്ങളിൽ പുതിയ പമ്പുകൾ സ്ഥാപിക്കുക, പുതിയതായി പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക മുതലായ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വെള്ളം സംഭരിക്കുന്നതിന് സംസ്ഥാനത്ത് എത്ര തടയണകൾ നിർമ്മിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | വെള്ളം സംഭരിക്കുന്നതിന് സംസ്ഥാനത്ത് 18 സ്ഥിരം തടയണകളും 32 താൽക്കാലിക തടയണകളും കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചു വരുന്നു. |
| (ഡി) | വീടുകളിലും സർക്കാർ കെട്ടിടങ്ങളിലും മഴവെള്ള സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | (ഡി) | കേരള വാട്ടർ അതോറിറ്റി മുഖേന 4482 മഴവെള്ള സംഭരണ യൂണിറ്റുകൾ തിരുവനന്തപുരം,ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 1500 യൂണിറ്റുകൾ ഇടുക്കി, കോട്ടയം ജില്ലകളിൽ സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ